# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാംസമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 707** — **29/05/2019-ൽ മറുപടിയ്ക്ക്**

## സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് മുറി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീമതി. പി. അയിഷാ പോറ്റി | | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) | സഹകരണ വകുപ്പിന്റെ സഹായത്തോടെ സർക്കാർ/ എയ്ഡഡ് സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് മുറി, ഊർജ്ജക്ഷമതയുളള അടുപ്പ് എന്നിവ സ്ഥാപിക്കുന്ന പദ്ധതിയിലേക്ക് കൊട്ടാരക്കര നിയോജകമണ്ഡലത്തിൽ നിന്നും ഏതെല്ലാം സ്കൂളുകളെയാണ് നിർദ്ദേശിച്ചിരിക്കുന്നത്; | (എ) | സഹകരണ വകുപ്പിന്റെ സഹായത്തോടെ സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ സ്മാർട്ട് ക്ലാസ്സ് മുറി, സ്ഥാപിക്കുന്ന പദ്ധതിയിലേയ്ക്ക് കൊട്ടാരക്കര നിയോജകമണ്ഡലത്തിൽ നിന്നും തെരെഞ്ഞെടുത്തിരുന്നത് ഗവൺമെന്റ് എൽ.പി.എസ്. എഴുകോൺ ആണ്. |
| (ബി) | പ്രസ്തുത പദ്ധതി സ്കൂളുകളിൽ നടപ്പിലാക്കുന്നതിന് സ്വീകരിച്ചു വരുന്ന നടപടിക്രമങ്ങൾ വിശദമാക്കുമോ? | (ബി) | സഹകരണ വകുപ്പ് മുഖാന്തിരം ഒരു നിയോജക മണ്ഡലത്തിൽ ഒരു യു.പി സ്കൂൾ വീതം 140 നിയോജക മണ്ഡലങ്ങളിലായി 140 സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് റൂം പദ്ധതിയുടെ ഭാഗമായി ജില്ലാ ജോയിന്റ് രജിസ്ട്രാർമാർ, ജില്ലയിലെ ഓരോ നിയോജക മണ്ഡലത്തിലേയും എം.എൽ.എ മാർ ലഭ്യമാക്കുന്ന ലിസ്റ്റും, നടപ്പാക്കുവാൻ സന്നദ്ധരായ സംഘങ്ങളുടെ ലിസ്റ്റും, തയ്യാറാക്കിയിരുന്നു.<br>എന്നാൽ പൊതു വിദ്യാഭ്യാസ വകുപ്പ് സ്വന്തം നിലയിൽ സംസ്ഥാനത്തെ എൽ.പി/യു.പി. സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് മുറികൾ സ്ഥാപിച്ചു നൽകുന്നതിന് പദ്ധതി തയ്യാറാക്കിയ സാഹചര്യത്തിൽ സഹകരണ സംഘങ്ങൾ മുഖാന്തിരം സ്മാർട്ട് ക്ലാസ് മുറികൾ നിർമ്മിച്ചു നൽകുന്ന പദ്ധതി തൽക്കാലം തുടരേണ്ടതില്ല |

| | | | |
|---|---|---|---|
| | | | എന്നാണ് കണക്കാക്കിയിട്ടുള്ളത്. എന്നാൽ സഹകരണ സംഘങ്ങൾ പൊതുയോഗ തീരുമാനപ്രകാരം തങ്ങളുടെ പ്രദേശത്തെ സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് മുറികൾ നിർമ്മിച്ചു നൽകുന്നുണ്ട്. ഈ രീതി തുടരാവുന്നതാണ്.<br>കൊട്ടാരക്കര നിയോജകമണ്ഡലത്തിലെ ടി സ്കൂളിൽ നിർമ്മാണപ്രവർത്തനത്തിന് ധന സഹായം നൽകുന്നത് എഴുകോൺ സർവ്വീസ് സഹകരണബാങ്ക് ആണ്. പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് കൊല്ലം ജോയിന്റ് രജിസ്ട്രാർ (ജനറൽ) നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ